**A** | **GI705**

# സമഗ്ര ശിക്ഷാ കേരളം

## ആത്യന്തിക വിലയിരുത്തൽ II 2025-2026

## സാമൂഹ്യശാസ്ത്രം – വിലയിരുത്തൽ സൂചകങ്ങൾ

ക്ലാസ്: 7 | സമയം: 2 മണിക്കൂർ 15 മിനിറ്റ്

### അധ്യാപകർക്കുള്ള നിർദേശങ്ങൾ

- 6 ചോദ്യങ്ങൾക്കാണ് ഉത്തരം എഴുതേണ്ടത്
- 1, 4 ചോദ്യങ്ങൾക്ക് ഇന്റേണൽ ചോയ്സുണ്ട്. ഇന്റേണൽ ചോയ്സുള്ള ചോദ്യങ്ങളിൽ A, B എന്നീ പിരിവുകളിൽ ഒന്നിനുമാത്രം ഉത്തരം എഴുതിയാൽ മതി.
- ഓരോ ചോദ്യവും വിലയിരുത്തി ഗ്രേഡ് a, b, c, d, e രേഖപ്പെടുത്തണം.

| ശതമാനം | ഗ്രേഡ് |
|---|---|
| 80-100 | A - Outstanding |
| 60-79 | B – Very Good |
| 40-59 | C - Good |
| 30-39 | D - Satisfactory |
| 30ൽ താഴെ | E – Needs Improvement |

- ഓരോ ചോദ്യത്തിനും ലഭിച്ച ഗ്രേഡ് പരിഗണിച്ച് ശതമാനപ്പട്ടിക ഉപയോഗിച്ച് വിഷയത്തിന്റെ ഓവറോൾ ഗ്രേഡ് നൽകണം.
- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമായി നൽകേണ്ടതാണ്.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിന് ആവശ്യമായ പിന്തുണ കൊടുക്കേണ്ടതാണ്.

---

**1(A)** പഠനലക്ഷ്യം

അന്തരീക്ഷത്തിന്റെ ഘടനയെക്കുറിച്ചുള്ള ധാരണ രൂപപ്പെടുന്നു.

a) B) സ്ട്രാറ്റോസ്ഫിയർ 1

b) പൊടിപടലങ്ങളും ജലബാഷ്പവും ഏറ്റവും കൂടുതൽ ഈ പാളിയിലാണ് ഉള്ളത്, മേഘരൂപീകരണം, മഴ, മഞ്ഞ്, കാറ്റ് തുടങ്ങിയ അന്തരീക്ഷ പ്രതിഭാസങ്ങൾ സംഭവിക്കുന്നത് ഈ പാളിയിലാണ്. 2

c) ഭൗമോപരിതലത്തിൽ നിന്നും ട്രോപ്പോസ്ഫിയർ - സ്ട്രാറ്റോസ്ഫിയർ - മിസോസ്ഫിയർ- തെർമോസ്ഫിയർ എക്സോസ്ഫിയർ (4 മുതൽ 5 വരെ ശരിയായാൽ സ്കോർ 2) 2

(1 മുതൽ 3 വരെ ശരിയായാൽ സ്കോർ 1)

**അല്ലെങ്കിൽ**

**1.(B)** പഠനലക്ഷ്യം

ഭൂമിയുടെ ഉള്ളറ, ഘടന എന്നിവയെക്കുറിച്ച് ധാരണകൾ രൂപപ്പെടുത്തുന്നു.

a) ഭൂമിയുടെ ഉള്ളറയിലെ ചൂട് ഏകദേശം 5500 ഡിഗ്രി സെൽഷ്യസ് ആണ്.
ഭൂമിയുടെ ഉള്ളിലേക്ക് പോകുന്തോറും ചൂട് കൂടിവരുന്നതിനാൽ മനുഷ്യന് എത്തിപ്പെടാൻ പ്രയാസമാണ്.
(അനുയോജ്യമായ 1 എണ്ണം) 1

b) അഗ്നിപർവ്വത സ്ഫോടനങ്ങളിലൂടെ ഭൂമിയുടെ ഉപരിതലത്തിൽ എത്തിച്ചേരുന്ന വസ്തുക്കൾ പരിശോധിക്കുന്നതിൽ നിന്ന്, ഖനികളിൽ നിന്ന് ശേഖരിക്കുന്ന വിവരങ്ങളിൽ നിന്ന്, ഭൂകമ്പ സമയത്തുണ്ടാകുന്ന തരംഗങ്ങളുടെ ചലനം വിശകലനം ചെയ്യുന്നതിൽ നിന്നും 3

c) D – ഭൂവൽക്കവും മാന്റിലിന്റെ ഉപരിഭാഗവും 1

**2)** പഠനലക്ഷ്യം

അരികുവൽക്കരിക്കപ്പെടുന്ന വിഭാഗങ്ങളുടെ സാമൂഹിക ഉൾച്ചേർക്കലിന് അനുയോജ്യമായ സവിശേഷ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്.

a) B തുല്യത 1

b) അനുയോജ്യമായ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന 4 പ്ലക്കാർഡുകൾ തയ്യാറാക്കിയിട്ടുണ്ട്. 4

3) പഠനലക്ഷ്യം

ഭൂവൽക്കത്തിൽ കാണുന്ന ലോഹ, അലോഹ സംയുക്തങ്ങളാണ് ധാതുക്കൾ എന്ന് തിരിച്ചറിയുന്നതിന്

a) D- ബോക്സൈറ്റ് 1

b) ലോഹധാതുക്കൾ - ഹേമറ്റൈറ്റ് , കലാമിൻ
അലോഹധാതുക്കൾ - വജ്രം, സിലിക്ക,
ഇന്ധന ധാതുക്കൾ - കൽക്കരി 4

4) (A) പഠനലക്ഷ്യം

ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ ഭൂപ്രകൃതി വിഭാഗങ്ങൾ അവയുടെ സ്ഥാനം, സവിശേഷതകൾ എന്നിവയിൽ ധാരണ രൂപപ്പെടുന്നു.

a) വ്യത്യസ്തങ്ങളായ ഭൂപ്രകൃതി വിഭാഗങ്ങൾ (സമതലങ്ങൾ, മരുഭൂമികൾ, പർവ്വതങ്ങൾ, തീരസമതലങ്ങൾ, ദ്വീപുകൾ) എന്നീ സവിശേഷതകൾ ഉൾപ്പെടുത്തി സമർത്ഥിച്ചിട്ടുണ്ട്. 3

b) • സിന്ധു, ഗംഗ, ബ്രഹ്മപുത്ര എന്നീ നദികൾ വഹിച്ചുകൊണ്ട് വരുന്ന എക്കൽ നിക്ഷേപങ്ങൾ,
• നദികളാൽ ജലസമൃദ്ധം 2

അല്ലെങ്കിൽ

4) (B) പഠനലക്ഷ്യം

ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ഭൂപ്രകൃതി വിഭാഗങ്ങൾ അവയുടെ സ്ഥാനം, സവിശേഷതകൾ എന്നിവ വിശകലനം ചെയ്ത് ധാരണകൾ രൂപപ്പെടുത്തുന്നതിന്.

a) ഈർപ്പവാഹിയായ കാറ്റിന്റെ ദിശയ്ക്ക് അഭിമുഖമായി നിൽക്കുന്ന പർവ്വതങ്ങൾ കാറ്റിനെ തടഞ്ഞുനിർത്തി മഴ പെയ്യിക്കുന്നു. മറുഭാഗത്ത് മഴ തീരെക്കുറവാകുന്നു. 2

b) സഹ്യപർവതത്തിന്റെ പടിഞ്ഞാറേ ചെരുവിലാണ് കേരളം. കാറ്റിന്റെ ദിശക്ക് അഭിമുഖമായി നിൽക്കുന്ന പർവതങ്ങൾ കാറ്റിനെ തടഞ്ഞു നിർത്തി മഴ പെയ്യിക്കുന്നു. ചിത്രത്തിൽ പടിഞ്ഞാറെ ദിശയിൽ നിന്നാണ് കാറ്റ് വരുന്നത്. ഈ കാറ്റ് മലനിരയുടെ കിഴക്കേ ചെരിവിലെത്തുമ്പോഴേക്കും ഈർപ്പരഹിതമാവുകയും കാറ്റിന്റെ വേഗത കുറയുകയും ചെയ്യും. ഇതു കാരണമാണ് തമിഴ്നാട്ടിൽ മഴകുറയുന്നത്. 2

c) A നെല്ല് 1

5) പഠനലക്ഷ്യം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വന്നിട്ടുള്ള ഘടനാപരമായ മാറ്റങ്ങൾ അധികാരം, ചുമതലകൾ, അധികാരവികേന്ദ്രീകരണം നേരിടുന്ന വെല്ലുവിളികൾ എന്നിവയെ കുറിച്ച് ധാരണ രൂപീകരരിക്കുന്നതിന്.

a) A (ii ഉം iv ഉം ശരി) 1

b) ഗ്രാമങ്ങളുടെ വികസനം രാജ്യപുരോഗതിക്ക് കാരണമാകുന്നു, ജനാധിപത്യഭരണത്തിന്റെ അടിസ്ഥാന ഘടകം ഗ്രാമങ്ങളാണ്, പഞ്ചായത്തുകളുടെ അധികാരം വർധിക്കുന്നതിന് അനുസരിച്ച് ജനക്ഷേമമാകും.

(അനുയോജ്യമായ 3 സവിശേഷതകൾ എഴുതിയാൽ) 3

c) C. അനുച്ഛേദം 40 1

6) പഠനലക്ഷ്യം

ഇന്ത്യയിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിൽ ഹരിത വിപ്ലവം വഹിച്ച പങ്ക് തിരിച്ചറിയു ന്നതിനും, വിവിധ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ അപഗ്രഥിച്ച് നിഗമനത്തിൽ എത്തിച്ചേരുന്നതിനും.

a) ഭക്ഷ്യോൽപാദനത്തിൽ സ്വയം പര്യാപ്തത നേടി
ഇറക്കുമതി കുറഞ്ഞു
ഭക്ഷ്യസാധനങ്ങളുടെ വില കുറഞ്ഞു
ഉൽപാദനം വർധിച്ചു. (അനുയോജ്യമായ മൂന്നു നേട്ടങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്). 3

b) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, പ്രധാനമന്ത്രി റോസ്ഗാർയോജന 2